സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

'Temple Renovation Fund' സമാഹരിക്കുന്നതിന് സ്ഥാപിച്ചിരുന്ന സ്പെഷ്യൽ കാണിക്ക വഞ്ചികൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 430/15/Est-1** നന്തൻകോട് **26/11/2021**

---

പരാമർശം ഃ- 1) 21-08-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.
2) ദേവസ്വം കമ്മീഷണറുടെ 15-09-2018 ലെ ROC 22109/18/Sab നമ്പർ സർക്കുലർ.
3) 23-11-2021 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

സംസ്ഥാനത്ത് 2018 ൽ ഉണ്ടായ പ്രളയക്കെടുതിയെ തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ഫണ്ട് സമാഹരിക്കുന്നതിന് ദേവസ്വം കമ്മീഷണറുടെ പേരിൽ 'Temple Renovation Fund' അക്കൗണ്ട് രൂപീകരിച്ചിരുന്നു (പരാമർശം - 1). ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ക്ഷേത്രങ്ങളിലും Temple Renovation Fund എന്ന് ആലേഖനം ചെയ്ത് ഒരു കാണിക്ക വഞ്ചി സ്ഥാപിക്കുന്നതിനും ടി കാണിക്ക വഞ്ചിയിൽ നിന്നും ലഭിക്കുന്ന തുക 'Temple Renovation Fund' അക്കൗണ്ടിൽ ഒടുക്ക് വരുത്തുന്നതിനും നിർദ്ദേശിച്ച് ദേവസ്വം കമ്മീഷണർ പരാമർശം 2 സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

ഈ വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു. 2018 ലെ പ്രളയക്കെടുതിയെ തുടർന്ന് സ്ഥാപിച്ച Temple Renovation Fund ലേയ്ക്കുള്ള കാണിക്ക വഞ്ചികൾക്ക് നിലവിൽ പ്രസക്തിയില്ലായെന്ന് ബോർഡ് വിലയിരുത്തി. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ ചുവടെ വിവരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

(മറുപുറം)

1. 'Temple Renovation Fund' എന്ന് ആലേഖനം ചെയ്ത് സ്ഥാപിച്ചിട്ടുള്ള കാണിക്ക വഞ്ചികൾ നിയമാനുസൃതം എണ്ണിതിട്ടപ്പെടുത്തി 'Temple Renovation Fund' അക്കൗണ്ടിൽ തുക (അക്കൗണ്ട് നമ്പർ : 27500100061457) ഒടുക്ക് വരുത്തുന്നതിന് അതത് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തുന്നു.
2. കാണിക്ക തിട്ടപ്പെടുത്തിയ ശേഷം പ്രസ്തുത വഞ്ചികൾ 'Temple Renovation Fund' എന്ന ആലേഖനം മാറ്റി അതത് ദേവസ്വങ്ങളിൽ കാണിക്ക സ്വീകരിക്കുന്നതിന് നിയമാനുസൃതം ഉപയോഗിക്കേണ്ടതാണ്. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എന്നിവർ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.
3. ടി നടപടികൾ പൂർത്തിയാക്കി 'Temple Renovation Fund' ൽ ലഭിച്ച തുകകളുടെ വിവരം ഉൾപ്പെടെ വിശദമായ റിപ്പോർട്ട് 15-12-2021 നകം ബന്ധപ്പെട്ടവർ ദേവസ്വം കമ്മീഷണർക്ക് നൽകേണ്ടതും ദേവസ്വം കമ്മീഷണർ ആയത് ക്രോഡീകരിച്ച് ബോർഡിൽ സമർപ്പിക്കേണ്ടതുമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മരാമത്ത് സെക്ഷൻ, ബോർഡ് ആഫീസ്
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK